9-ാം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽ

35 (690)ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽ എത്രയായിരുന്നു;

(ബി) 1993-94 വിലനിലവാര പ്രകാരം ഈ തുക എത്രയാണ്;

(സി) 1997-98, 98-99, 99-2000 എന്നീ ഓരോ വർഷവും 1993-94-ലെ വില നിലവാരത്തിന്റെ അടിസ്ഥാനത്തിൽ അതതു വർഷത്തെ പദ്ധതിക്കു വേണ്ടി എന്തുതുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) 2000-2001-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(ഇ) 1994-ലെ വിലസൂചികയുടെ അടിസ്ഥാനത്തിൽ ഇതെത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 16100 കോടി രൂപ.

(ബി) പഞ്ചവത്സര പദ്ധതികളുടെയും വാർഷിക പദ്ധതികളുടെയും അടങ്കൽ തയ്യാറാക്കുന്നത് പദ്ധതി ആരംഭിക്കുന്നതിനു തൊട്ടുമുൻവർഷത്തെ വിലകളുടെ അടിസ്ഥാനത്തിലാണ്. അപ്രകാരം ഒൻപതാം പഞ്ചവത്സര പദ്ധതി (1997-2002) യുടെ അടങ്കലും (16100 കോടി രൂപ) പ്രസ്തുത പദ്ധതിയുടെ തൊട്ടു മുൻവർഷത്തെ, അതായത് 1996-97 ലെ, വിലനിലവാരമനുസരിച്ചാണ് കണക്കാക്കിയിരിക്കുന്നത്. ഇത് 1993-94-ലെ വിലനിലവാരമനുസരിച്ച് കണക്കാക്കുകയാണെങ്കിൽ ഏകദേശം 12788 കോടി രൂപയായിരിക്കും.

(സി) 1997-98, 1998-99, 1999-2000 എന്നീ ഓരോ വർഷവും പദ്ധതിയിനത്തിൽ ചെലവായ തുകയും ഇത് 1993-94 ലെ വിലനിലവാരമനുസരിച്ച് എത്രയാണെന്നും താഴെ കൊടുക്കുന്നു.

(രൂപ കോടിയിൽ)

വർഷം	പദ്ധതി ചെലവ്	പദ്ധതി ചെലവ് 1993-94 ലെ വിലനിലവാരമനുസരിച്ച് കണക്കാക്കുമ്പോഴുള്ള തുക
1997-98	2868	2191
1998-99	3165	2312
1999-2000 (താൽക്കാലിക കണക്ക്)	2964	2123

(ഡി) 3535 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1993-94 ലെ വിലസൂചികയുടെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ ഇത് 2428 കോടി രൂപയാണ്.

അധികാര വികേന്ദ്രീകരണം സംബന്ധിച്ച് രാജ്യാന്തര സെമിനാറിന്റെ ചെലവ്

36 (691)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം സംബന്ധിച്ച് 2000 മേയിൽ നടത്തിയ രാജ്യാന്തര സെമിനാറിനോടനുബന്ധിച്ച് കലാപരിപാടികൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എവിടെയെല്ലാം വച്ചാണ് നടത്തിയത്;

(സി) പരിപാടികൾ അവതരിപ്പിച്ച കലാകാരൻമാർ ആരെല്ലാമാണ്

(ഡി) അവർക്ക് ഓരോരുത്തർക്കും നൽകിയ പ്രതിഫലം എത്രവീതമായിരുന്നുവെന്ന് വിശദമാക്കുമോ;

(ഇ) കലാപരിപാടികൾ നടത്തുന്നതിന് ഹാൾ വാടക, കലാകാരൻമാർക്ക് പ്രതിഫലം, റ്റി.എ., ഡി.എ., ഫുഡ് ആന്റ് അക്കോമഡേഷൻ മറ്റിനങ്ങൾ എന്നിവയ്ക്ക് ഓരോന്നിനും ഉണ്ടായ ചെലവ് എത്രവീതമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) യൂണിവേഴ്സിറ്റി സെനറ്റ് ഹാൾ, എ.കെ.ജി. ഹാൾ, നിശാഗന്ധി ആഡിറ്റോറിയം എന്നിവിടങ്ങളിലാണ് കലാപരിപാടികൾ നടത്തിയത്.

(സി) പരിപാടികൾ അവതരിപ്പിച്ച കലാകാരൻമാരുടെയും ഗ്രൂപ്പിന്റെയും പേര് ചുവടെ ചേർക്കുന്നു.

(1) വ്യക്തികൾ

ശ്രീ. രമേശ് നാരായണൻ

ഡോ. ജനാർദ്ദനൻ

കൈപ്പട്ടൂർ രാധാകൃഷ്ണൻ

നെയ്യാറ്റിൻകര വാസുദേവൻ.

(2) ഗ്രൂപ്പുകൾ

'അഭിനയ' ഉള്ളൂർ.

കേരള കലാമണ്ഡലം

കലാമണ്ഡലം മേജർ സെറ്റ് കഥകളി മുതലായവ.

(ഡി) ഓരോരുത്തർക്കും നൽകിയ പ്രതിഫലം ചുവടെ വിവരിക്കുന്നു.

(1) രമേശ് നാരായണൻ - 10,000 രൂപ

(2) നെയ്യാറ്റിൻകര വാസുദേവൻ - 15,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly